# വർണ്ണച്ചിറകുള്ള രാജകുമാരി

**അനു.പി.നായർ**

രാജാവിനും രാജ്ഞിക്കും പെൺകുഞ്ഞ് പിറന്നു. രാജകുമാരിക്ക് തുണി അലർജിയായിരുന്നു. അതിനാൽ മകളുടെ ശരീരം മുഴുവനും പലതരത്തിലുള്ള ചായം പൂശിയാണ് അമ്മ മകളെ അവതരിപ്പിച്ചത്. കാൽനഖം മുതൽ മുട്ടുവരെ ഒരു നിറം, മുട്ടു മുതൽ അരവരെ വേറൊരു നിറം, അര മുതൽ മുകളിലോട്ട് ഇനിയും മറ്റൊരു നിറം.

പല നിറങ്ങളുള്ള ഒരു ചിത്രശലഭംപോലെ രാജകുമാരി പറന്നു നടന്നു. പല നിറങ്ങളിൽ അവൾ അവളെ കണ്ടെത്തി. നിറങ്ങൾ നൽകുന്ന സ്വാതന്ത്ര്യം വസ്ത്രങ്ങളിലായിരുന്നെങ്കിൽ ലഭിക്കുമായിരുന്നില്ല എന്നവൾക്കുറപ്പായിരുന്നു.

പക്ഷേ, ചായക്കൂട്ടിനുള്ളിൽ മറഞ്ഞിരിക്കുന്ന സൗന്ദര്യത്തിന്റെ കണികകൾ കൊത്തിവലിക്കാൻ ആസ്വാദകനേത്രങ്ങൾ മത്സരിക്കുന്നതു കണ്ടപ്പോൾ അവൾ ഭയപ്പെട്ടു.

"എന്തിനാണ് മമ്മാ ജനങ്ങൾ എന്നെയിങ്ങനെ നോക്കുന്നത്. എനിക്കാകെ എന്തോപോലെ തോന്നുന്നു."

അവൾ അമ്മയെ കണ്ട് സങ്കടം പറഞ്ഞു.

രാജ്ഞി മകളുടെ കവിളിൽ വാത്സല്യത്തോടെ ഒന്നു തലോടി. ഒരു ചെറുമന്ദഹാസത്തോടെ പറഞ്ഞു.

–"യൂ ആർ ടൂ ഹോട്ട്. അതാ ആളുകൾ നോക്കുന്നെ."

രാജ്ഞി മകൾക്കായി ഒരു വലിയ കൊട്ടാരം പണിതു. കൊട്ടാരത്തിന് നാലാൾ പൊക്കമുള്ള ചുറ്റുമതിലും. പടുകൂറ്റൻ ഗേറ്റിൽ ബോർഡു തൂക്കി– 'അന്യർക്ക് പ്രവേശനമില്ല.'

അതിനുശേഷം രാജ്ഞി മകളുടെ ചായങ്ങളെല്ലാം തുടച്ചു മാറ്റി. അവളെ കണ്ണാടിക്കു മുന്നിൽ നിർത്തി.

"നോക്ക് മോളെ, നീയെത്ര സുന്ദരിയാ. ടൂ സെക്സി. ചായം പൂശിയാലും പ്രജകൾ (പ്രത്യേകിച്ച് പുരുഷന്മാർ) നോക്കി പോകും."

മകൾക്ക് ദേഷ്യം വന്നു.

"അതുകൊണ്ട് ഞാൻ ഈ തടവറയിൽ കിടക്കണമെന്നാണോ പറയുന്നത്. ഞാൻ രാജകുമാരിയാണ്. പുറത്തിറങ്ങി നടക്കാൻ മറ്റാർക്കുള്ളതിനെക്കാളും അർഹത എനിക്കുണ്ട്."

അവൾ നേരേ പിതാവിന്റെ സന്നിധിയിലേക്ക് ഓടി. ചായങ്ങളില്ലാതെ മകളെ ആദ്യമായി കാണുകയായിരുന്നു രാജാവ്.

"പപ്പാ.." എന്നു വിളിച്ചുകൊണ്ട് മകൾ പിതാവിനെ കെട്ടിപ്പിടിച്ചു. അവൾ തേങ്ങിക്കരഞ്ഞു.

രാജാവ് മകളുടെ നെറുകയിൽ ചുംബിച്ചു. അവളുടെ മുടിയിൽ മെല്ലെ തഴുകി. മുടിയിഴകൾക്കിടയിലൂടെ വിരലുകൾ അനുസരണയില്ലാതെ മാംസളമായ മുതുകിലേക്ക് സഞ്ചരിച്ചു. അയാൾ പെട്ടെന്ന് തന്റെ ഭാര്യയെ ഓർത്തു.

–"പപ്പാ. എനിക്ക് പേടിയാവുന്നു." രാജകുമാരി വിതുമ്പി.

–"പേടിക്കാതെ മകളെ. ഞാൻ വേണ്ടതു ചെയ്യാം."

എന്നു പറഞ്ഞ് രാജാവ് അവളെ ആശ്വസിപ്പിച്ചു.

അദ്ദേഹം മകളെയും കൂട്ടി രാജഗുരുവിന്റെ അടുത്ത് പോയി. രാജാവിന്റെ കൂടെയുള്ള പെൺകുട്ടിയെ കണ്ട് ആ വൃദ്ധന്റെ കണ്ണുകൾ വികസിച്ചു. അത് രാജകുമാരിയാണെന്ന തിരിച്ചറിവിൽ ഗുരുവിന്റെ നേത്രങ്ങൾ ചുരുങ്ങി.

"ഒരു വഴിയുണ്ട് രാജൻ."

ഗുരു ഒരുപായം പറഞ്ഞു കൊടുത്തു. പിറ്റേ ദിവസംതന്നെ രാജകൽപനയുണ്ടായി. അതിങ്ങനെയായിരുന്നു:

–"നാളെ മുതൽ രാജകുമാരി പുറത്തിറങ്ങി നടക്കും. പക്ഷേ, ഒരു സെക്കന്റിൽ കൂടുതൽ സമയം ഒരുവനും കുമാരിയെ നോക്കാൻ പാടുള്ളതല്ല. ആരെങ്കിലും അതു ചെയ്താൽ അവന്റെ കണ്ണുകൾ ചൂഴ്ന്നെടുക്കുന്നതായിരിക്കും."

അന്നു മുതൽതന്നെ രാജകുമാരി ധൈര്യസമേതം പുറത്തിറങ്ങി നടക്കാൻ തുടങ്ങി. അവൾക്കിപ്പോൾ പേടി മാറിത്തുടങ്ങി. നന്ദി പറയുവാൻ പലകുറി രാജഗുരുവിനെയും രാജാവിനെയും സന്ദർശിച്ചു. ക്ഷേത്രങ്ങൾ, കമ്പോളങ്ങൾ, പൂന്തോട്ടങ്ങൾ അങ്ങനെ ഇഷ്ടമുള്ളിടത്തെല്ലാം കുമാരി പോയി.

ഒരു മാസത്തിനുള്ളിൽ, അന്നാട്ടിലെ ആബാലവൃദ്ധം ജനങ്ങളും

അന്ധരായി. ഒരുവനൊഴിച്ച്. അത് രാജകുമാരിയെ ചൊടിപ്പിച്ചു.

"എന്നെ നോക്കാത്തവനോ? അത്രയ്ക്കഹങ്കാരമോ ഒരുവന്.

ആരാണവൻ?"

അവനൊരു വിദേശിയായ വ്യാപാരിയാണെന്നും വ്യാപാരാവശ്യത്തിനായി ഈ നാട്ടിൽ തങ്ങുകയാണെന്നും സേവകർ കുമാരിയോട് പറഞ്ഞു.

–"ആ തെമ്മാടിയെ ഇപ്പോൾതന്നെ വധിക്കണം" എന്ന് കുമാരി. പക്ഷേ രാജ്ഞി അനുവദിച്ചില്ല. അങ്ങനെയൊരുവനുണ്ടെങ്കിൽ അവനെ വിവാഹം ചെയ്ത് കീഴടക്കുന്നതാണ് നല്ലത്. അവനെപ്പോലൊരുവൻ എന്നും അനുസരണയുള്ള അടിമയായിരിക്കും.

"മകളെ അനുസരണയുള്ള പട്ടിയെ വളർത്തുകയാണ് വേണ്ടത്." രാജ്ഞി അഭിമാനത്തോടെ പറഞ്ഞതിനുശേഷം രാജാവിനെ നോക്കി. രാജനൊന്നു ചൂളി.

അങ്ങനെ രാജകുമാരി വിവാഹിതയായി.

വിവാഹശേഷം വരൻ വധുവിനെ തന്റെ രാജ്യത്തേക്ക് കൊണ്ടുപോയി. താൻ രാജവീഥിയിലൂടെ നടന്നപ്പോൾ അയാൾ തന്നെ നോക്കാത്തതിന്റെ കാരണം അവൾക്കപ്പോഴാണ് മനസ്സിലായത്.

–അന്നാട്ടിലെ പെണ്ണുങ്ങളൊന്നും തുണിയുടുക്കില്ല!

വർഷം നാലഞ്ചു കഴിഞ്ഞു. പക്ഷേ രാജകുമാരി പ്രസവിച്ചില്ല. രാജ്യം അനാഥമായിപ്പോകുമോ എന്ന ചിന്തയിൽ അന്തഃപുരം പുകഞ്ഞു.

–"നമ്മുടെ മകളെ അവർ ഉപേക്ഷിക്കുകയോ മറ്റോ ചെയ്യുമോ?" എന്ന് രാജാവ് ചോദിച്ചപ്പോൾ രാജ്ഞിയുടെ ഉള്ളൊന്ന് നൊന്തു.

ഒരു പഴയ കഥയാണ്.

രാജാവിനൊരു സഹോദരിയുണ്ടായിരുന്നു. വിവാഹം കഴിഞ്ഞ് പത്തു വർഷത്തിനുശേഷവും അവൾക്ക് കുട്ടികൾ പിറന്നില്ല. രാജ്ഞി അവളെ "മച്ചി" എന്നു വിളിച്ചു. "ഇനിയൊരിക്കലും നിനക്ക് കുട്ടികളുണ്ടാവില്ല" എന്ന് മുഖത്തുനോക്കി പറഞ്ഞു. രാജാവിനെക്കാൾ സുന്ദരനായിരുന്നു അവളുടെ ഭർത്താവ്. രാജ്ഞിക്കയാളോട് കടുത്ത സ്നേഹമായിരുന്നു. നാത്തൂനെ ഒഴിവാക്കാൻ കാരണമന്വേഷിച്ച് നടക്കുകയായിരുന്നു രാജ്ഞി. ആ സമയത്ത് ആരോ ഒരുവൻ ഒരു പഴയ നിയമം രാജ്ഞിയുടെ ശ്രദ്ധയിൽപെടുത്തി. കുട്ടികളുണ്ടാവാത്ത രാജകുമാരിയെ നാടുകടത്താനും അവരുടെ ഭർത്താക്കന്മാരെ തടവിലാക്കാനും ആ നിമയത്തിൽ വ്യവസ്ഥയുണ്ട്.

രാജ്ഞി ഉത്തരവിട്ടു. "മച്ചിയായ രാജകുമാരിയെ നാടുകടത്തുക."

അങ്ങനെ അന്ന് ആ രാജകുമാരിയെ നാടുകത്തുകയും അവളുടെ ഭർത്താവിനെ രാഞ്ജിയുടെ അന്തഃപുരത്തോട് ചേർന്ന് ഒരു തടവറപണിത്, അതിനുള്ളിലാക്കുകയും ചെയ്തു.

"അവളുടെ ശാപമാണ്. പാവം എന്റെ കുഞ്ഞുപെങ്ങൾ." രാജാവ് നെടുവീർപ്പിട്ടു.

രാജ്ഞി മകളെയും ജാമാതാവിനെയും വിളിച്ചുവരുത്തി കാര്യങ്ങൾ ആരാഞ്ഞു. മകൾ ഇതുവരെ ആദ്യരാത്രിയ്ക്ക് സമ്മതിച്ചിട്ടില്ലെന്നറിഞ്ഞ രാജ്ഞി ഞെട്ടി. അവർ മകളെമാത്രമായി വിളിച്ച് കാര്യം തിരക്കി.

"മമ്മാ, അവരുടെ രാജ്യത്ത് ഒരാചാരമുണ്ട്. ആദ്യരാത്രിക്കുശേഷം വധുവരന്മാർ കിടന്നിരുന്ന കിടക്കവിരി പുറത്ത് പ്രദർശിപ്പിക്കും. വധു കന്യകയായിരുന്നോ എന്നു ബന്ധുക്കൾക്കറിയാനാണിത്."

അതിനെന്താ നിനക്കെന്ന അർത്ഥത്തിൽ രാജ്ഞി മകളെ നോക്കി.

രാജകുമാരി അമ്മയുടെ മുഖത്ത് നോക്കിയില്ല. അവൾ ജാലകത്തിലേയ്ക്ക് നടന്നു. പുറത്തേയ്ക്ക് നോക്കി. അവിടെ പൂന്തോട്ടത്തിൽ ചിത്രശലഭങ്ങൾ പാറി നടക്കുന്നു. വർണ്ണച്ചിറകുള്ള ശലഭങ്ങൾ. ഒരു കാലത്ത് താനും വർണ്ണചിറകുള്ള ഒരു ശലഭമായിരുന്നുവെന്ന് അവളോർത്തു.

–"എന്താ മോളേ, നിനക്കെന്താ അതിന്?" അമ്മ മകളെ തിരിച്ചു നിർത്തി ചോദിച്ചു.

–"ഞാൻ ഹോട്ടായിരുന്നു മമ്മാ. കണ്ണ്പൊത്താത്ത പ്രജകളുടെ കണ്ണുകൾ നമ്മൾ ചൂഴ്ന്നെടുത്തു. രാജാവിനും രാജഗുരുവിനും കണ്ണുപൊത്താതിരിക്കാനുള്ള അവകാശമുണ്ടായിരുന്നു. പൂമ്പാറ്റയായ് ഞാൻ ഇരുമ്പഴികളിലൂടെ, അമ്മ തടവിലാക്കിയ അമ്മാവനെ കാണാൻ പോകുമായിരുന്നു...."

മകൾ പറയുന്നതെല്ലാം ഞെട്ടലോടെ രാജ്ഞി കേട്ടു നിന്നു.

●